Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

# STATE POLICE MEDIA CENTRE
KERALA POLICE

No.106/PR/SPMC/PHQ/2026 Date: 27.02.2026

## ആൾ ഇന്ത്യ പോലീസ് വോളിബോൾ ക്ലസ്റ്റർ 2025-26:

## വോളിബോളിൽ പുരുഷ ടീം കിരീടം നിലനിർത്തി

74-ാംമത് ആൾ ഇന്ത്യ പോലീസ് വോളിബാൾ ക്ലസ്റ്റർ 2025-26 മത്സരങ്ങൾ നടക്കുന്ന ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്നു നടന്ന പുരുഷൻമാരുടെ വോളിബോൾ ഫൈനൽ മത്സരത്തിൽ കേരള പോലീസ് കിരീടം നിലനിർത്തി. കഴിഞ്ഞ വർഷവും കേരള പോലീസായിരുന്നു ജേതാക്കൾ.

കേരളവും സി.ഐ.എസ്.എഫും തമ്മിലുള്ള വാശിയേറിയ പോരാട്ടത്തിനൊടുവിൽ ഏകപക്ഷീയമായ മൂന്നു സെറ്റുകൾ (25-23) (25-18) (25-22) നേടി കേരള പോലീസ് വിജയകിരീടം ചൂടി.

സി.ഐ.എസ്.എഫിനാണ് രണ്ടാം സ്ഥാനം. മൂന്നാം സ്ഥാനം തമിഴ്നാടിനും ലഭിച്ചു.

**************************************